# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 1125

30-09-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിക്ക് പരിസ്ഥിതി അനുമതി നൽകിയ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ തീരുമാനം ദേശീയ ഹരിത ട്രിബ്യൂണൽ അംഗീകരിക്കുകയുണ്ടായോ; | (എ) | അംഗീകരിക്കുകയുണ്ടായി. |
| (ബി) | പദ്ധതി പ്രവർത്തനം നിരീക്ഷിച്ച് റിപ്പോർട്ട് നൽകുന്നതിന് ട്രിബ്യൂണൽ ഒരു സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (ബി) | ഉണ്ട്.<br>ഏഴ് അംഗങ്ങൾ ഉള്ള ഒരു വിദഗ്ധ സമിതിയ്ക്കാണ് ട്രൈബ്യൂണൽ രൂപം നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (സി) | ഇല്ല. |
| (ഡി) | തടസ്സങ്ങൾ ഇല്ലെങ്കിൽ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ ? | (ഡി) | കരാർപ്രകാരം പദ്ധതി പൂർത്തികരിക്കാൻ അനുവദിച്ചിട്ടുള്ള കാലയളവ് 4 വർഷമാണ് (1465 ദിവസം) അതനുസരിച്ച് 2019 ഡിസംബർ 4-ാം തീയതി പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. അനുവദിച്ചിട്ടുള്ള നിർമ്മാണ |

കാലയളവ് നാല് വർഷമെന്നിരിക്കെ കൺസഷണയർ പദ്ധതിയുടെ പൂർത്തികരണത്തിനായി ഒരു ആയിരം ദിന ഉത്സുക കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**